$BC \times CD = CP^2$

$4 \times 2 = CP^2$

$CP = \sqrt{8}$ (1)

$PQ = 4 - \sqrt{8}$ (1)

## 28. പഠനനേട്ടം

- വൃത്തത്തിലെ രണ്ടു ഞാണുകൾ വൃത്തത്തിനുള്ളിൽ മുറിച്ചു കടക്കുമ്പോൾ ഓരോ ഞാണിന്റെയും ഭാഗങ്ങൾ വശങ്ങളായ ചതുരങ്ങൾക്ക് ഒരേ പരപ്പളവാണ്.

? നീളം 5 സെ.മീ, വീതി 3 സെ.മീ ആയ ചതുരം വരയ്ക്കുക. അതിന് തുല്യ പരപ്പളവുള്ള സമചതുരം വരയ്ക്കുക.

(സ്കോർ 4, സമയം 4 മിനിട്ട്)

**ഉത്തരസൂചിക**

| | |
|---|---|
| • കൃത്യമായി ചതുരം വരയ്ക്കുന്നതിന് | (1) |
| • നീളം + വീതി വ്യാസമായി അർദ്ധവൃത്തം വരയ്ക്കുന്നതിന് | (1) |
| • ലംബം വരയ്ക്കുന്നതിന് | (1) |
| • സമചതുരം പൂർത്തിയാക്കുന്നതിന് | (1) |

## 29. പഠനനേട്ടം

- വൃത്തത്തിലെ രണ്ടു ഞാണുകൾ വൃത്തത്തിനുള്ളിൽ മുറിച്ചു കടക്കുമ്പോൾ ഓരോ ഞാണിന്റെയും ഭാഗങ്ങൾ വശങ്ങളായ ചതുരങ്ങൾക്ക് ഒരേ പരപ്പളവാണ്.

? വശങ്ങൾ 6 സെ.മീ, 7 സെ.മീ, 8 സെ.മീ അളവോട് കൂടിയ ത്രികോണം നിർമിച്ച് അതിന് തുല്യ പരപ്പളവുള്ള സമചതുരം വരയ്ക്കുക.

(സ്കോർ 5, സമയം 8 മിനിട്ട്)

**ഉത്തരസൂചിക**

| | |
|---|---|
| • കൃത്യമായി ത്രികോണം വരയ്ക്കുന്നതിന് | (1) |
| • പരപ്പളവിന് തുല്യമായ ചതുരം വരയ്ക്കുന്നതിന് | (1) |
| • നീളം + വീതി വ്യാസമായി അർദ്ധവൃത്തം വരയ്ക്കുന്നതിന് | (1) |
| • ലംബം വരക്കുന്നതിന് | (1) |
| • സമചതുരം പൂർത്തിയാക്കുന്നതിന് | (1) |

## 30. പഠനനേട്ടം

- വൃത്തത്തിലെ രണ്ടു ഞാണുകൾ വൃത്തത്തിനുള്ളിൽ മുറിച്ചു കടക്കുമ്പോൾ ഓരോ ഞാണിന്റെയും ഭാഗങ്ങൾ വശങ്ങളായ ചതുരങ്ങൾക്ക് ഒരേ പരപ്പളവാണ്.

? കർണം 7 .സെ.മീ ആയ സമപാർശ്വ മട്ടത്രികോണം വരയ്ക്കുക.

(സ്കോർ 3, സമയം 4 മിനിട്ട്)

**ഉത്തരസൂചിക**

| | |
|---|---|
| 7 സെ.മീ. നീളമുള്ള വര വരച്ച് അത് വ്യാസമായി അർധവൃത്തം വരയ്ക്കുന്നതിന് | (1) |
| കേന്ദ്രത്തിൽ നിന്ന് വ്യാസത്തിന് ലംബം വരയ്ക്കുന്നതിന് | (1) |
| സമപാർശ്വത്രികോണം വരയ്ക്കുന്നതിന് | (1) |

3

# സാധ്യതകളുടെ ഗണിതം

## 1. പഠനനേട്ടം

- സാധ്യതയെ സംഖ്യയായി വിശദീകരിക്കുന്നു.
- വിവിധ സന്ദർഭങ്ങളിൽ സാധ്യത കണക്കാക്കുന്നതിനുള്ള മാർഗം വിശദീകരിക്കുന്നു.

ഒരാളോട് ഒരു രണ്ടക്കസംഖ്യ പറയാൻ ആവശ്യപ്പെടുന്നു. പറയുന്ന സംഖ്യ പൂർണ വർഗമല്ലാതിരിക്കാനുള്ള സാധ്യത എത്ര?

(സ്കോർ : 3, സമയം: 3 മിനിട്ട്)

■ **ഉത്തരസൂചിക**

ആകെ രണ്ടക്കസംഖ്യകൾ : 90 (1)

ആകെ രണ്ടക്ക പൂർണവർഗങ്ങൾ:6 (1)

പൂർണവർഗങ്ങളല്ലാത്ത രണ്ടക്ക സംഖ്യകൾ:90-6=84

സാധ്യത $= \frac{84}{90} = \frac{42}{45}$ (1)

## 2. പഠനനേട്ടം

- സാധ്യതയെ സംഖ്യയായി വിശദീകരിക്കുന്നു.
- വിവിധ സന്ദർഭങ്ങളിൽ സാധ്യത കണക്കാക്കുന്നതിനുള്ള മാർഗം വിശദീകരിക്കുന്നു.

ഒരു സഞ്ചിയിൽ 10 നീലപന്തും 12 മഞ്ഞ പന്തുമുണ്ട്. മറ്റൊരു സഞ്ചിയിൽ 15 നീല പന്തും 7 മഞ്ഞ പന്തുമുണ്ട്.

a) ആദ്യത്തെ സഞ്ചിയിൽ നിന്നൊരു പന്തെടുത്താൽ അത് മഞ്ഞ പന്താകാനുള്ള സാധ്യത എന്താണ്?

b) രണ്ടാമത്തെ സഞ്ചിയിൽ നിന്നെടുത്താലോ?

c) രണ്ട് സഞ്ചിയിലേയും പന്തുകൾ ഒരു സഞ്ചിയിലാക്കി അതിൽ നിന്നൊരു പന്തെടുത്താൽ അത് മഞ്ഞ പന്താകാനുള്ള സാധ്യത എത്ര?

(സ്കോർ : 4 സമയം: 4 മിനിട്ട്)

■ **ഉത്തരസൂചിക**

a) ആദ്യത്തെ സഞ്ചിയിലെ ആകെ പന്തുകൾ $= 10+12=22$

മഞ്ഞ പന്തുകൾ $= 12$

മഞ്ഞ പന്തെടുക്കുവാനുള്ള സാധ്യത $= \frac{12}{22} = \frac{6}{11}$ (1)

b) രണ്ടാമത്തെ സഞ്ചിയിലെ ആകെ പന്തുകൾ $= 15+7=22$

ആകെ മഞ്ഞ പന്തുകൾ $= 7$

മഞ്ഞ പന്തെടുക്കുവാനുള്ള സാധ്യത = $\frac{7}{22}$ (1)

c) ആകെ പന്തുകളുടെ എണ്ണം = $22 + 22 = 44$

മഞ്ഞ പന്തുകൾ = $12 + 7 = 19$ (1)

മഞ്ഞ പന്തെടുക്കുവാനുള്ള സാധ്യത = $\frac{19}{44}$ (1)

**3. പഠനനേട്ടം**

- സാധ്യതയെ സംഖ്യയായി വിശദീകരിക്കുന്നു.
- വിവിധ സന്ദർഭങ്ങളിൽ സാധ്യത കണക്കാക്കുന്നതിന് മാർഗം വിശദീകരിക്കുന്നു.

മൂലകളെല്ലാം വൃത്തത്തിലായി ഒരു സമഷഡ്ഭുജം വരച്ചിരിക്കുന്നു. ഈ ചിത്രത്തിൽ കണ്ണടച്ചൊരു കുത്തിട്ടാൽ അത് സമഷഡ്ഭുജത്തിനകത്ത് തന്നെയായിരിക്കാനുള്ള സാധ്യത കണക്കാക്കുക.




(സ്കോർ : 4 സമയം: 3 മിനിട്ട്)

■ **ഉത്തരസൂചിക**

വൃത്തത്തിന്റെ പരപ്പളവ് = $r^2$ (1)

സമഷഡ്ഭുജത്തിന്റെ പരപ്പളവ് = $\frac{\sqrt{3}r^2}{4} \times 6 = \frac{3\sqrt{3}\,r^2}{2}$ (1)

സാധ്യത = $\frac{\frac{3\sqrt{3}\,r^2}{2}}{r^2} = \frac{3\sqrt{3}\,r^2}{2} \quad \frac{1}{r^2}$ (1)

$= \frac{3\sqrt{3}}{2}$ (1)

**4. പഠനനേട്ടം**

- സാധ്യതയെ സംഖ്യയായി വിശദീകരിക്കുന്നു.
- വിവിധ സന്ദർഭങ്ങളിൽ സാധ്യത കണക്കാക്കുന്നതിന് മാർഗ്ഗം വിശദീകരിക്കുന്നു.

ഒരു പെട്ടിയിൽ 1,2,3,4 എന്നീ സംഖ്യകളെഴുതിയ നാല് കടലാസുകക്ഷണങ്ങളും മറ്റൊരുപെട്ടിയിൽ 1,2,3 എന്നെഴുതിയ മൂന്ന് കടലാസുകക്ഷണങ്ങളുണ്ട്. ഓരോ പെട്ടി യിൽനിന്നും ഓരോ കടലാസെടുത്താൽകിട്ടുന്ന സംഖ്യകളുടെ തുക മൂന്നിന്റെ ഗുണിതമാകാനുള്ള സാധ്യത എന്താണ്? രണ്ടിന്റെ ഗുണിതമാകാനുള്ള സാധ്യതയോ?

(സ്കോർ: 5, സമയം: 6 മിനിട്ട്)

■ **ഉത്തരസൂചിക**

രണ്ട് പെട്ടിയിൽ നിന്നും ഓരോ കടലാസുകക്ഷണങ്ങളെടുത്താൽ കിട്ടുന്ന സംഖ്യാ ജോടികൾ.

(1, 1) (2, 1) (3, 1) (4, 1)

(1, 2) (2, 2) (3, 2) (4, 2)   12 എണ്ണം (1)

(1, 3) (2, 3) (3, 3) (4, 3)

തുക മൂന്നിന്റെ ഗുണിതമാകുന്ന ജോടികൾ (1)

(2,1) (1,2) (4,2) (3,3) - 4 എണ്ണം (1)

സാധ്യത = $\frac{4}{12}$ $\frac{1}{3}$

തുക രണ്ടിന്റെ ഗുണിതമാകുന്ന ജോടികൾ

(1,1) (3,1) (1,3) (2,2) (3,3) (4,2) -6 എണ്ണം (1)

സാധ്യത = $\frac{6}{12}$ $\frac{1}{2}$ (1)

**5. പഠനനേട്ടം**

- പ്രായോഗിക സന്ദർഭങ്ങളിൽ സാധ്യതയെ സംഖ്യാപരമായി വിശകലനം ചെയ്യുന്നതിന്റെ ആവശ്യകത സമർഥിക്കുന്നു.

? ഒരു സഞ്ചിയിൽ 6 ചുവന്ന മുത്തുകളും 4 പച്ചമുത്തുകളുമുണ്ട്. മറ്റൊരു സഞ്ചിയിൽ ചുവന്ന മുത്തുകളും പച്ചമുത്തുകളും ഈരണ്ടെണ്ണം കൂടുതലാണ്. ചുവന്ന മുത്തു കിട്ടാൻ സാധ്യത കൂടുതൽ ഏത് സഞ്ചിയിൽ നിന്ന് എടുക്കുമ്പോഴാണ്?

(സ്കോർ: 4 , സമയം: 3 മിനിട്ട്)

■ **ഉത്തരസൂചിക**

ഒന്നാമത്തെ സഞ്ചിയിലെ ചുവന്ന മുത്തുകളുടെ എണ്ണം = 6

ഒന്നാമത്തെ സഞ്ചിയിൽ നിന്നും ചുവന്ന മുത്തുകൾ കിട്ടാനുള്ള സാധ്യത = $\frac{6}{10}$ (1)

രണ്ടാമത്തെ സഞ്ചിയിലെ ചുവന്ന മുത്തുകളുടെ എണ്ണം = 6 + 2 = 8 (1)

രണ്ടാമത്തെ സഞ്ചിയിൽ നിന്നും ചുവന്ന മുത്തുകൾ കിട്ടാനുള്ള സാധ്യത = $\frac{8}{14}$ (1)

$\frac{6}{10} > \frac{8}{14}$

$\therefore$ സാധ്യത കൂടുതൽ ഒന്നാമത്തെ സഞ്ചിയിൽ നിന്നെടുക്കുമ്പോഴാണ്. (1)

**6. പഠനനേട്ടം**

പ്രായോഗിക സന്ദർഭങ്ങളിൽ സാധ്യതയെ സംഖ്യാപരമായി വിശകലനം ചെയ്യുന്നതിന്റെ ആവശ്യക്ത സമർഥിക്കുന്നു.

? ഒരാളോട് ഒരു രണ്ടക്കസംഖ്യ പറയാനാവശ്യപ്പെടുന്നു.

(1) ഇതിലെ അക്കങ്ങൾ രണ്ടും വ്യത്യസ്തമാകാനുള്ള സാധ്യത എത്ര?

(2) ആദ്യത്തെ അക്കം വലുതും രണ്ടാമത്തെ അക്കം ചെറുതുമാകാനുള്ള സാധ്യത എത്ര?

(3) ആദ്യത്തെ അക്കം ചെറുതും രണ്ടാമത്തെ അക്കം വലുതുമാകാനുള്ള സാധ്യത എത്ര?

(സ്കോർ: 6, സമയം: 8 മിനിട്ട്)

■ **ഉത്തരസൂചിക**

രണ്ടക്കസംഖ്യകൾ ആകെ 90 എണ്ണം

അക്കങ്ങൾ തുല്യമായവ :

11, 22, 33, 44, 55, 66, 77, 88, 99 - 9 എണ്ണം (1)

അതായത്, അക്കങ്ങൾ വ്യത്യസ്തമായവ - 81 എണ്ണം (1)

സാധ്യത $= \frac{81}{90} = \frac{9}{10}$ (1)

ആദ്യത്തെ അക്കം വലുതും രണ്ടാമത്തെഅക്കം ചെറുതുമായ സംഖ്യകളുടെ എണ്ണം

$1 + 2 + 3 + 4 + 5 + 6 + 7 + 8 + 9 = \frac{9 \quad 10}{2}$

$= 45$

സാധ്യത $= \frac{45}{90} \quad \frac{1}{2}$ (1)

| | |
|---|---|
| 10 | – 1 |
| 20 21 | – 2 |
| 30 31 32 | – 3 |
| 40 41 42 43 | – 4 |
| .......... | |
| 90 91 92 93 ....99 | – 9 |

$\frac{9 \quad 10}{2} = 45$

ആദ്യത്തെ അക്കം ചെറുതും രണ്ടാമത്തെ അക്കം വലുതുമായ സംഖ്യകളുടെ എണ്ണം

$= 8 + 7 + 6 + 5 + 4 + 3 + 2 + 1 = \frac{8 \quad 9}{2}$ (1)

$= 36$

സാധ്യത $= \frac{36}{90} \quad \frac{4}{10} = \frac{2}{5}$ (1)

## 7. പഠനനേട്ടം

പ്രായോഗിക സന്ദർഭങ്ങളിൽ സാധ്യതയെ സംഖ്യാപരമായി വിശകലനം ചെയ്യുന്നതിന്റെ ആവശ്യകത സമർഥിക്കുന്നു.

? ഒരു ക്ലാസ്സിൽ 60 കുട്ടികളുണ്ട്. അതിൽ 30 പേർ ആൺകുട്ടികളാണ്. മറ്റൊരു ക്ലാസ്സിൽ 50 കുട്ടികളുണ്ട് അതിൽ 25 പേർ ആൺകുട്ടികളാണ്. ഓരോ ക്ലാസ്സിൽ നിന്നും ഓരോ കുട്ടികളെ മാത്രം തെരെഞ്ഞെടുത്താൽ

1) അത് രണ്ടും പെൺകുട്ടികളാകാനുള്ള സാധ്യത എത്ര?

2) അതിൽ ഒരു പെൺകുട്ടിയെങ്കിലും ഉണ്ടാകാനുള്ള സാധ്യത എത്ര?

(സ്കോർ: 4, സമയം: 5 മിനിട്ട്)

■ **ഉത്തരസൂചിക**

ആദ്യത്തെ ക്ലാസ്സിലെ ആകെ കുട്ടികൾ = 60

ആൺകുട്ടികൾ = 30

പെൺകുട്ടികൾ = 30

രണ്ടാമത്തെ ക്ലാസ്സിലെ ആകെ കുട്ടികൾ = 50

ആൺകുട്ടികൾ = 25

പെൺകുട്ടികൾ = 25

1) രണ്ടും പെൺകുട്ടികളാകാനുള്ള സാധ്യത $= \frac{30 \times 25}{60 \times 50}$ (1)

$= \frac{750}{3000}$

$= \frac{1}{4}$ (1)

2) ഒരു പെൺകുട്ടിയെങ്കിലും ഉണ്ടാകാനുള്ള സാധ്യത $= \frac{30 \times 25 + 30 \times 25 + 30 \times 25}{3000}$ (1)

$= \frac{2250}{3000}$

$= \frac{9}{12} = \frac{3}{4}$ (1)

**8. പഠനനേട്ടം**

പ്രായോഗിക സന്ദർഭങ്ങളിൽ സാധ്യതയെ സംഖ്യാപരമായി വിശകലനം ചെയ്യുന്നതിന്റെ ആവശ്യകത സമർത്ഥിക്കുന്നു.

ഒരു പാത്രത്തിൽ 4 കറുത്ത മുത്തുകളും, 6 വെളുത്ത മുത്തുകളും, 10 ചുവന്ന മുത്തുകളും ഉണ്ട്. മറ്റൊരു പാത്രത്തിൽ 7 കറുത്ത മുത്തുകളും, 5 വെളുത്തമുത്തുകളും, 8 ചുവന്ന മുത്തുകളും ഉണ്ട്. പാത്രങ്ങളിലേക്ക് നോക്കാതെ രണ്ടു പാത്രത്തിൽനിന്നും ഓരോ മുത്തുവീതമെടുത്താൽ

(a) രണ്ടും ഒരേ നിറമാകാനുള്ള സാധ്യത എന്ത്?

(b) രണ്ടും വ്യത്യസ്ത നിറമാകാനുള്ള സാധ്യത എന്ത്?

(c) ഒരു കറുത്ത മുത്തെങ്കിലും ഉണ്ടാകാനുള്ള സാധ്യത എന്ത്?

(സ്കോർ: 5, സമയം: 8 മിനിട്ട്)

■ **ഉത്തരസൂചിക**

| 4 B | 7 B |
|---|---|
| 6 W | 5 W |
| 10 R | 8 R |

രണ്ടു പാത്രങ്ങളിലും മുത്തുകൾ 20 വീതമുണ്ട്.

ആകെ ഫലങ്ങൾ $= 20 \times 20 = 400$ (1)

(a) ഒരേ നിറം ലഭിക്കുന്നതിനുള്ള ഫലങ്ങളുടെ എണ്ണം $= 4 \times 7 + 6 \times 5 + 10 \times 8$

$= 138$

സാധ്യത $= \frac{138}{400}$ (1)

(b) വ്യത്യസ്ത നിറമാകാനുള്ള സാധ്യത $= 1 - \frac{138}{400}$

$= \frac{262}{400}$ (1)

(c) ഒരു കറുത്ത മുത്തെങ്കിലും ആകുന്ന ഫലങ്ങൾ

$= 4 \times 7 + 4 \times 5 + 4 \times 8 + 6 \times 7 + 10 \times 7$

$= 28 + 20 + 32 + 42 + 70$ (1)

$= 192$

സാധ്യത $= \frac{192}{400} = \frac{12}{25}$ (1)

**9. പഠനനേട്ടം**

പ്രായോഗിക സന്ദർഭങ്ങളിൽ സാധ്യതയെ സംഖ്യാപരമായി വിശകലനം ചെയ്യുന്നതിന്റെ ആവശ്യകത സമർഥിക്കുന്നു.



ഒരു വൃത്തത്തിൽ പരമാവധി വലിയ ഒരു സമഭുജ ത്രികോണം വരച്ചിരിക്കുന്നു. ചിത്രത്തിലേക്ക് നോക്കാതെ ഒരു കുത്തിട്ടാൽ കുത്ത് ത്രികോണത്തിന കത്താകാനുള്ള സാധ്യത എത്ര? ത്രികോണത്തിന് പുറത്താകുന്നതിനുള്ള സാധ്യത എത്ര?

(സ്കോർ: 4, സമയം: 7 മിനിട്ട്)

■ **ഉത്തരസൂചിക**

വൃത്തത്തിന്റെ ആരം $r$ ആയാൽ ത്രികോണത്തിന്റെ വശം $\sqrt{3}\,r$ ആയിരിക്കും.

ആകെ ഫലങ്ങൾ $= \pi r^2$ (1)

അനുകൂല ഫലങ്ങൾ $= \frac{\sqrt{3}}{4}(\sqrt{3}r)^2 \quad = \frac{\sqrt{3}}{4} \times 3r^2$ (1)

കുത്ത് ത്രികോണത്തിനകത്താകാനുള്ള സാധ്യത $= \frac{\frac{\sqrt{3}}{4} \quad 3r^2}{r^2} \quad \frac{3\sqrt{3}}{4}$ (1)

കുത്ത് ത്രികോണത്തിന് പുറത്താകുന്നതിനുള്ള സാധ്യത $= 1 - \frac{3\sqrt{3}}{4}$ (1)

## 10. പഠനനേട്ടം

പ്രായോഗിക സന്ദർഭങ്ങളിൽ സാധ്യതയെ സംഖ്യാപരമായി വിശകലനം ചെയ്യുന്ന തിന്റെ ആവശ്യകത സമർത്ഥിക്കുന്നു.



ചിത്രത്തിൽ കറുപ്പിച്ചിരിക്കുന്ന നാല് വൃത്തഭാഗങ്ങൾക്കും ഒരേ പരപ്പളവാണ്. ചിത്രത്തിലേക്ക് നോക്കാതെ ഒരു കുത്തി ട്ടാൽ കുത്ത് കറുപ്പിച്ച വൃത്തഭാഗങ്ങളിൽ വരാനുള്ള സാധ്യത എന്ത്?

(സ്കോർ : 3 , സമയം: 5 മിനിട്ട്)

■ **ഉത്തരസൂചിക**

കറുത്ത വൃത്തഭാഗത്തിന്റെ ആരം $r$ ആയാൽ

അനുകൂല ഫലങ്ങൾ $= 4 \times \frac{r^2}{2} = 2\pi r^2$ (1)

ആകെ ഫലങ്ങൾ $= \pi(4r)^2 = 16\pi r^2$ (1)

സാധ്യത $= \frac{2 \; r^2}{16 \; r^2} = \frac{1}{8}$ (1)

## 11. പഠനനേട്ടം

പ്രായോഗിക സന്ദർഭങ്ങളിൽ സാധ്യതയെ സംഖ്യാപരമായി വിശകലനം ചെയ്യുന്നതിന്റെ ആവശ്യക്ത സമർഥിക്കുന്നു.

ഒരു വർഷത്തിലെ കലണ്ടറിൽ ഡിസംബർ മാസത്തിൽ 5 ഞായറാഴ്ച വരുന്നതിനുള്ള സാധ്യത എന്ത്?

(സ്കോർ: 3, സമയം: 5 മിനിട്ട്)

■ **ഉത്തരസൂചിക**

ഡിസംബർ മാസത്തിൽ 31 ദിവസങ്ങളാണ് ഉള്ളത്.
അതായത് 4 മുഴുവൻ ആഴ്ചകളും 3 ദിവസങ്ങളും.
ഈ മൂന്നു ദിവസങ്ങൾ ആകാവുന്നത്.

| | | |
|---|---|---|
| ഞായർ | തിങ്കൾ | ചൊവ്വ |
| തിങ്കൾ | ചൊവ്വ | ബുധൻ |
| ചൊവ്വ | ബുധൻ | വ്യാഴം |
| ബുധൻ | വ്യാഴം | വെള്ളി |
| വ്യാഴം | വെള്ളി | ശനി |
| വെള്ളി | ശനി | ഞായർ |
| ശനി | ഞായർ | തിങ്കൾ |

ആകെ ഫലങ്ങൾ = 7 (1)

അനുകൂല ഫലങ്ങൾ = 3 (1)

സാധ്യത = $\frac{3}{7}$ (1)

## 12. പഠനനേട്ടം

പ്രായോഗിക സന്ദർഭങ്ങളിൽ സാധ്യതയെ സംഖ്യാപരമായി വിശകലനം ചെയ്യുന്നതിന്റെ ആവശ്യക്ത സമർത്ഥിക്കുന്നു.

ഒരു സമചതുരത്തിനകത്ത് രണ്ടു അർദ്ധ വൃത്തങ്ങൾ വരച്ചിരിക്കുന്ന ചിത്രത്തിലേക്ക് നോക്കാതെ ഒരു കുത്തിട്ടാൽ കുത്ത് കറുപ്പിച്ച ഭാഗത്ത് വരാനുള്ള സാധ്യത എന്ത്?



(സ്കോർ: 3, സമയം: 5 മിനിട്ട്)

■ **ഉത്തരസൂചിക**

സമചതുരത്തിന്റെ ഒരു വശം $a$ ആയാൽ

വൃത്തഭാഗങ്ങളുടെ പരപ്പളവ് = $\pi \frac{a}{2}^{2} = \frac{a^2}{4}$ (1)

കറുപ്പിച്ച ഭാഗത്തിന്റെ പരപ്പളവ് = $a^2 - \frac{a^2}{4} = \frac{4}{4} a^2$ (1)

സാധ്യത = $\frac{4 - a^2}{a^2} = \frac{4}{4}$ (1)

# 4

# രണ്ടാംകൃതി സമവാക്യങ്ങൾ

1. പഠനനേട്ടം

- രണ്ടാംകൃതി സമവാക്യം രൂപീകരിച്ച് പരിഹാരം കാണുന്നതിന്.

ഒരു സമചതുരത്തിന്റെ വശങ്ങൾ എല്ലാം 8 സെന്റീമീറ്റർ വീതം വർധിപ്പിച്ചപ്പോൾ പരപ്പളവ് 1225 ച.സെ.മി ആയി. ചെറിയ സമചതുരത്തിന്റെ വശം $x$ എന്നെടുത്ത് ഒരു സമവാക്യം രൂപീകരിക്കുക. ചെറിയ സമചതുരത്തിന്റെ ഒരു വശത്തിന്റെ നീളം കാണുക. വലിയ സമചതുരത്തിന്റെ ഒരു വശത്തിന്റെ നീളം കാണുക.

(സ്കോർ: 3, സമയം: 4 മിനിട്ട്)

**■ ഉത്തരസൂചിക**

- ചെറിയ സമചതുരത്തിന്റെ ഒരു വശം = $x$
- വലിയ സമചതുരത്തിന്റെ വശം $= x + 8$
- പരപ്പളവ് $= (x + 8)^2 = 1225$ (1)

$x + 8 = 35$

$x = 35 - 8 = 27$ (1)

- ചെറിയ സമചതുരത്തിന്റെ ഒരു വശം = 27 സെന്റിമീറ്റർ
- വലിയ സമചതുരത്തിന്റെ ഒരു വശം = 35 സെന്റിമീറ്റർ (1)

2. പഠനനേട്ടം

- രണ്ടാംകൃതി സമവാക്യം രൂപീകരിച്ച് പരിഹാരം കാണുന്നതിന്.

രണ്ട് അധിസംഖ്യകളുടെ വ്യത്യാസം '6' ആണ്. അവയുടെ ഗുണനഫലം 216 ആണ്. സംഖ്യകൾ ഏവ?

(സ്കോർ: 3, സമയം: 4 മിനിട്ട്)

**■ ഉത്തരസൂചിക**

സംഖ്യകൾ $x$, $x + 6$

ഗുണനഫലം: $x(x + 6) = 216$ (1)

$x^2 + 6x = 216$

$x^2 + 6x + 9 = 216 + 9 = 225$

$(x + 3)^2 = 225$ (1)

$x + 3 = 15$

$x = 15 - 3 = 12$

സംഖ്യകൾ: 12, 18 (1)

3. പഠനനേട്ടം

- രണ്ടാംകൃതി സമവാക്യം രൂപീകരിച്ച് പരിഹാരം കാണുന്നതിന്.

ഒരു മട്ടത്രികോണത്തിന്റെ ഏറ്റവും ചെറിയ വശത്തിന്റെ 2 മടങ്ങിൽ നിന്ന് ഒരു സെന്റിമീറ്റർ കുറച്ചതാണ് അതിന് ലംബമായ വശം, 2 മടങ്ങിനോട് ഒരു സെന്റിമീറ്റർ കൂട്ടിയതാണ് കർണം. ചെറിയ വശം $x$ എന്നെടുത്ത് അതിന് ലംബമായ വശവും കർണവും $x$ ഉപയോഗിച്ച് എഴുതുക. മട്ടത്രികോണത്തിന്റെ വശങ്ങൾ കണക്കാക്കുക.

(സ്കോർ: 4, സമയം: 5 മിനിട്ട്)

■ **ഉത്തരസൂചിക**

ചെറിയ വശം $= x$

രണ്ടാമത്തെ ലംബ വശം $= 2x - 1$

കർണം $= 2x + 1$ (1)

$x^2 + (2x - 1)^2 = (2x + 1)^2$ (1)

$x^2 + 4x^2 - 4x + 1 = 4x^2 + 4x + 1$

$x^2 - 8x = 0$ (1)

$x(x - 8) = 0$

$x = 0$ അല്ലെങ്കിൽ $x = 8$

വശങ്ങൾ 8 സെന്റിമീറ്റർ, 15 സെന്റിമീറ്റർ, 17 സെന്റിമീറ്റർ (1)

4. പഠനനേട്ടം

- രണ്ടാം കൃതി സമവാക്യം രൂപീകരിച്ച് പരിഹാരം കാണുന്നതിന്.

ചുറ്റളവ് 100 മീറ്ററും പരപ്പളവ് 600 ചതുരശ്രമീറ്ററുമായ ചതുരത്തിന്റെ വശങ്ങളുടെ നീളം കാണുക. (സ്കോർ: 4, സമയം: 5 മിനിട്ട്)

■ **ഉത്തരസൂചിക**

ചുറ്റളവ് = 100 മീറ്റർ

നീളം + വീതി = 50 മീറ്റർ

നീളം $= 25 + x$

വീതി $= 25 - x$ (1)

പരപ്പളവ്, $(25 + x)(25 - x) = 600$

$25^2 - x^2 = 600$ (1)

$x^2 = 625 - 600 = 25$

$x = 5$ (1)

വശങ്ങൾ, $25 + 5 = 30$ മീറ്റർ

$25 - 5 = 20$ മീറ്റർ (1)

## 5. പഠനനേട്ടം

- രണ്ടാംകൃതി സമവാക്യം രൂപീകരിച്ച് പ്രായോഗിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നു.

ഒരു രണ്ടക്കസംഖ്യയുടെ ഒന്നിന്റെ സ്ഥാനത്തെ അക്കം 4 ആണ്. ഈ സംഖ്യയുടെയും അതിന്റെ അക്ക തുകയുടെയും ഗുണനഫലം 238 ആണ്.

a) സംഖ്യയുടെ 10 ന്റെ സ്ഥാനത്തെ അക്കം $x$ ആയാൽ സംഖ്യ ഏത്?

b) രണ്ടാംകൃതി സമവാക്യം രൂപീകരിച്ച് സംഖ്യ കാണുക.

(സ്കോർ: 4, സമയം: 6 മിനിട്ട്)

■ **ഉത്തരസൂചിക**

സംഖ്യയുടെ 10 ന്റെ സ്ഥാനത്തെ അക്കം = $x$

സംഖ്യ = $10x + 4$ (1)

സംഖ്യയുടെയും അക്കതുകയുടെയും

ഗുണനഫലം = $(x + 4)(10x + 4) = 238$ (1)

$$10x^2 + 44x + 16 = 238$$

$$10x^2 + 44x - 222 = 0$$

$$5x^2 + 22x - 111 = 0$$

$$x = \frac{-22 \pm \sqrt{22^2 - 4 \times 5 \times -111}}{2 \times 5}$$ (1)

$$= \frac{-22 \pm \sqrt{2704}}{10}$$

$$= \frac{-22 \pm 52}{10}$$

സംഖ്യ = 34 (1)

## 6. പഠനനേട്ടം

- രണ്ടാം കൃതി സമവാക്യം രൂപീകരിച്ച് പരിഹാരം കാണുന്നു.

1 മുതലുള്ള തുടർച്ചയായ എത്ര എണ്ണൽസംഖ്യകൾ കൂട്ടിയാലാണ് 465 കിട്ടുക?

(സ്കോർ: 4, സമയം: 5 മിനിട്ട്)

■ **ഉത്തരസൂചിക**

തുടർച്ചയായ $n$ എണ്ണൽസംഖ്യകളുടെ തുക: $\frac{n(n+1)}{2} = 465$ (1)

$$n^2 + n = 930$$

$$n^2 + n + \frac{1}{4} = 930 + \frac{1}{4}$$ (1)

$$\left(n+\frac{1}{2}\right)^2 = \frac{3721}{4}$$

$$n+\frac{1}{2} = \frac{61}{2} \qquad (1)$$

$$n = 30$$

1 മുതൽ 30 വരെയുള്ള എണ്ണൽ സംഖ്യയുടെ തുകയാണ് 465 (1)

**7. പഠനനേട്ടം**

- രണ്ടാംകൃതി സമവാക്യം രൂപീകരിച്ച് പ്രായോഗിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നു.

❓ ഒരു രണ്ടക്കസംഖ്യയിലെ അക്കങ്ങളുടെ ഗുണനഫലം 12 ആണ് ഈ സംഖ്യയോട് 36 കൂട്ടിയപ്പോൾ അക്കങ്ങൾ പരസ്പരം മാറിയ മറ്റൊരു സംഖ്യ കിട്ടി. എങ്കിൽ സംഖ്യ ഏത്?

(സ്കോർ: 5, സമയം: 7 മിനിട്ട്)

■ **ഉത്തരസൂചിക**

അക്കങ്ങൾ: $x, \frac{12}{x}$ (1)

സംഖ്യയോട് 36 കൂട്ടിയപ്പോൾ അക്കങ്ങൾ പരസ്പരം മാറിയ സംഖ്യകിട്ടും.

അതുകൊണ്ട് , $10x \quad \frac{12}{x} \quad 36 = 10 \quad \frac{12}{x} \quad x$ (1)

$$10x^2 + 12 + 36x = 120 + x^2$$

$$9x^2 + 36x = 108$$

$$x = 2 \qquad (1)$$

$$x^2 + 4x = 12$$

$$(x + 2)^2 = 16$$

$$x + 2 = 4 \qquad (1)$$

സംഖ്യ = 26 (1)

**8. പഠനനേട്ടം**

- രണ്ടാംകൃതി സമവാക്യം രൂപീകരിച്ച് പ്രായോഗിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നു.

❓ ഒരു രണ്ടക്കസംഖ്യയിലെ ഒന്നിന്റെ സ്ഥാനത്തെ അക്കം പത്തിന്റെ സ്ഥാനത്തെ അക്കത്തെക്കാൾ 3 കൂടുതലാണ്. സംഖ്യയുടെയും അക്ക തുകയുടെയും ഗുണനഫലം അക്കതുകയുടെ രണ്ട് മടങ്ങിന്റെ വർഗത്തിന് തുല്യമാണ്. സംഖ്യ ഏത്?

(സ്കോർ: 5, സമയം: 6 മിനിട്ട്)

■ **ഉത്തരസൂചിക**

അക്കങ്ങൾ: $x$, $x$ +3

സംഖ്യ: $10x + x + 3 = 11x + 3$ (1)

സംഖ്യയുടെയും അക്കതുകയുടെയും ഗുണനഫലം: $2x \quad 3 \quad 11x \quad 3 \qquad 4x \quad 6^{\,2}$ (1)

$$22x^2+39x+9 = 16x^2 + 48x + 36$$

$$6x^2-9x-27 = 0$$

$$2x^2-3x-9 = 0 \qquad (1)$$

$$x = \frac{3 \pm \sqrt{(-3)^2 - 4 \times 2 \times -9}}{2 \times 2}$$

$$= \frac{3 \pm \sqrt{9+72}}{4}$$

$$= \frac{3 \pm \sqrt{81}}{4}$$

$$= \frac{3+9}{4}$$

$$x = \frac{3+9}{4} = \frac{12}{4} = 3 \qquad (1)$$

( -ve സംഖ്യ സ്വീകാര്യമല്ല)

സംഖ്യ = 36 (1)

**9. പഠനനേട്ടം**

- രണ്ടാംകൃതി സമവാക്യം രൂപീകരിച്ച് ജ്യാമിതിയപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നു.

**?** സമചതുരാകൃതിയിലുള്ള ഒരു തോട്ടത്തിന് ചുറ്റും പുറത്ത്കൂടി 2 മീറ്റർ വീതിയിൽ ഒരു പാത വെട്ടിയിരിക്കുന്നു. പാതയുടെ മാത്രം പരപ്പളവ് 116 ചതുരശ്ര മീറ്റർ ആണ്. തോട്ടത്തിന്റെ ഒരു വശത്തിന്റെ നീളം എത്ര?

(സ്കോർ: 3, സമയം: 4 മിനിട്ട്)

■ **ഉത്തരസൂചിക**

തോട്ടത്തിന്റെ ഒരു വശം = $x$.

പാതയുൾപ്പെടെയുള്ള സ്ഥലത്തിന്റെ വശം = $x + 4$. (1)

പാതയുടെ പരപ്പളവ് = $(x \quad 4)^2 \quad x^2 \quad 116$

$$x^2 + 8x + 16 - x^2 = 116 \qquad (1)$$

$$8x + 16 = 116$$

$$x = \frac{116-16}{8} = 12.5 \text{ മീറ്റർ}$$

തോട്ടത്തിന്റെ വശം = 12.5 മീറ്റർ (1)

## 10. പഠനനേട്ടം

- രണ്ടാംകൃതി സമവാക്യം രൂപീകരിച്ച് ജ്യാമിതിയപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നു.

ഒരു സമചതുരത്തിന്റെ ഒരു വശത്തിനോട് ചേർന്ന് 8 സെന്റിമീറ്റർ വീതിയിൽ ഒരു ചതുരം മുറിച്ച് മാറ്റി. ബാക്കി വരുന്ന ചതുരത്തിന്റെ പരപ്പളവ് 84 ചതുരശ്രമീറ്റർ ആയാൽ സമചതുരത്തിന്റെ ഒരു വശത്തിന്റെ നീളം കാണുക.

(സ്കോർ: 4, സമയം: 6 മിനിട്ട്)

**ഉത്തരസൂചിക**

സമചതുരത്തിന്റെ വശം = $x$

ചതുരത്തിന്റെ വശങ്ങൾ = $x$ , $x-8$ (1)

പരപ്പളവ് = $x(x-8) = 84$

$x^2 - 8x = 84$ (1)

$x^2 - 8x+16 = 84+16$

$(x-4)^2 = 100$ (1)

$x - 4 = 10$

$x = 14$

സമചതുരത്തിന്റെ വശം = 14 സെന്റിമീറ്റർ (1)

## 11. പഠനനേട്ടം

- രണ്ടാം കൃതി സമവാക്യം രൂപീകരിച്ച് ജ്യാമിതിയ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നു.

ഒരു ചതുരത്തിന്റെ നീളം വീതിയുടെ 3 മടങ്ങിനെക്കാൾ 3 മീറ്റർ കൂടുതലാണ്. അതിന്റെ വികർണം നീളത്തെക്കാൾ ഒരു മീറ്റർ കൂടുതലാണ്. ചതുരത്തിന്റെ നീളവും വീതിയും കാണുക.

(സ്കോർ: 5, സമയം: 7 മിനിട്ട്)

**ഉത്തരസൂചിക**

ചതുരത്തിന്റെ വീതി = $x$ .

നീളം = $3x + 3$

= $3x + 4$ (1)

$(3x+4)^2 = x^2 + (3x+3)^2$ (1)

$9x^2 + 24x + 16 = x^2 + 9x^2 + 18x + 9$

$x^2 - 6x = 7$

$x^2 - 6x + 9 = 16$ (1)

$(x-3)^2 = 16$

$x - 3 = 4$

$x = 4 + 3 = 7$ (1)

ചതുരത്തിന്റെ നീളം = $3 \times 7 + 3 = 24$ മീറ്റർ

വീതി = 7 മീറ്റർ

## 12. പഠനനേട്ടം

- രണ്ടാംകൃതി സമവാക്യം രൂപീകരിച്ച് പരിഹരിക്കുന്ന രീതി പ്രായോഗിക സന്ദർഭ ങ്ങളിൽ ഉപയോഗിക്കുന്നു.

ചിത്രത്തിൽ AB അർധവൃത്തത്തിന്റെ വ്യാസമാണ്. CD = 10 സെന്റിമീറ്ററും BC യുടെ നീളം ACയുടെ നീളത്തെക്കാൾ 15 സെന്റിമീറ്റർ കുറവുമാണ്. AB യുടെ നീളം എത്ര?

(സ്കോർ: 4, സമയം: 5 മിനിട്ട്)

**ഉത്തരസൂചിക**




$AC \times CB = CD^2$ (1)

$AC = x$

$x(x-15) = 10^2$

$x^2 - 15x = 100$ (1)

$x^2 - 15x + \frac{225}{4} = 100 + \frac{225}{4}$

$(x - \frac{15}{2})^2 = \frac{625}{4}$ (1)

$x - \frac{15}{2} = \frac{25}{2}$

$x = \frac{25}{2} + \frac{15}{2} = 20$

$\therefore AB = 20 + 5 = 25$ സെന്റിമീറ്റർ (1)

## 13. പഠനനേട്ടം

- രണ്ടാംകൃതി സമവാക്യം രൂപീകരിച്ച് പരിഹരിക്കുന്ന രീതി പ്രായോഗിക സന്ദർഭ ങ്ങളിൽ ഉപയോഗിക്കുന്നു.

ഒരു വൃത്തത്തിലെ AB, CD എന്നീ ഞാണുകൾ 'M' ൽ മുറിച്ചു കടക്കുന്നു. MA = 6 സെന്റി മീറ്ററും, MB = 8 സെന്റിമീറ്ററും, CD = 16 സെന്റിമീറ്ററും ആകുന്നു. MC, MD എന്നിവ കാണുക.

(സ്കോർ: 4, സമയം: 5 മിനിട്ട്)

**ഉത്തരസൂചിക**




$CD = 16$ സെന്റിമീറ്റർ

$MC = 8 - x, MD = 8 + x$ എങ്കിൽ (1)

$MA \times MB = MC \times MD$

$6 \times 8 = (8-x)(8+x)$

$48 = 64 - x^2$ (1)

$x^2 = 16, x = 4$ (1)

$MC = 8 - 4 = 4$ സെന്റിമീറ്റർ (1)

$MD = 8 + 4 = 12$ സെന്റിമീറ്റർ

## 14. പഠനനേട്ടം

- രണ്ടാംകൃതി സമവാക്യം രൂപീകരിച്ച് പരിഹരിക്കുന്ന രീതി പ്രായോഗിക സന്ദർഭങ്ങളിൽ ഉപയോഗിക്കുന്നു.

ചിത്രത്തിൽ ത്രികോണം ABC യുടെ മട്ടമൂലയിൽ നിന്ന് എതിർ വശത്തേക്ക് വരച്ച ലംബമാണ് AD. BC = 13 സെന്റിമീറ്ററും, AD = 6 സെന്റിമീറ്ററും ആകുന്നു.




(a) BD = $x$ എന്നെടുത്ത് DC യുടെ നീളം $x$ ഉൾപ്പെടുന്ന രീതിയിൽ എഴുതുക.

(b) ഒരു രണ്ടാംകൃതി സമവാക്യം രൂപീകരിച്ച BD, DCഎന്നിവ കാണുക.

(സ്കോർ: 4, സമയം: 5 മിനിട്ട്)

**■ ഉത്തരസൂചിക**

BD = $x$ എന്നെടുത്താൽ

$$DC = 13 - x$$

$$BC \times DC = AD^2 \qquad (1)$$

$$x(13 - x) = 6^2$$

$$13x - x^2 = 36$$

$$x^2 - 13x + 36 = 0$$

$$x = \frac{13 \pm \sqrt{(-13)^2 - 4 \times 1 \times 36}}{2 \times 1} \qquad (1)$$

$$\therefore \frac{13 \pm \sqrt{169 - 144}}{2} \qquad (1)$$

$$\frac{13 \pm \sqrt{25}}{2} \quad \frac{13 \pm 5}{2}$$

BC, DC എന്നിവയുടെ നീളങ്ങൾ = 9 സെന്റിമീറ്റർ , 4 സെന്റിമീറ്റർ

## 15. പഠനനേട്ടം

- രണ്ടാംകൃതി സമവാക്യങ്ങൾ ഉൾപ്പെടുന്ന പ്രശ്നങ്ങളിൽ പരിഹാരങ്ങളുടെ സ്വഭാവം കാണുന്നു.

ഒരു സംഖ്യയുടെയും അതിന്റെ വ്യുൽക്രമത്തിന്റെയും തുക $\frac{2}{3}$ ആകുമോ? ഉത്തരം സമർഥിക്കുക

(സ്കോർ: 4, സമയം: 5 മിനിട്ട്)

**■ ഉത്തരസൂചിക**

സംഖ്യ= $x$ ആയാൽ വ്യുൽക്രമം $\frac{1}{x}$

$$x + \frac{1}{x} = \frac{2}{3} \text{ എന്നെടുത്താൽ} \qquad (1)$$

$$(x^2 + 1) \times 3 = 2x$$

$$3x^2 - 2x + 3 = 0 \qquad (1)$$

$$x = \frac{+2 \pm \sqrt{(-2)^2 - 4\times3\times3}}{4\times3}$$

$$= \frac{2 \pm \sqrt{4-36}}{12}$$

$$= \frac{2 \pm \sqrt{-32}}{12}$$ (1)

ഇതിന്റെ പരിഹാരം കാണാൻ സാധിക്കില്ലല്ലോ.

$\therefore$ ഒരു സംഖ്യയുടെയും അതിന്റെ വ്യുൽക്രമത്തിന്റെയും തുക $\frac{2}{3}$ ആകില്ല. (1)

**16. പഠനനേട്ടം**

- രണ്ടാംകൃതി സമവാക്യം രൂപീകരിച്ച് പരിഹാരം കാണുന്നു.

❓ ഒരു സംഖ്യയുടെയും അതിന്റെ വ്യുൽക്രമത്തിന്റെയും തുക $\frac{13}{6}$ ആണ്. സംഖ്യ ഏത്?

(സ്കോർ: 4, സമയം: 5 മിനിട്ട്)

■ **ഉത്തരസൂചിക**

സംഖ്യ $x$ ആയാൽ വ്യുൽക്രമം $= \frac{1}{x}$

$$x + \frac{1}{x} = \frac{13}{6}$$

$$(x^2 + 1) \times 6 = 13x$$

$$6x^2 - 13x + 6 = 0$$ (1)

$$x = \frac{13 \pm \sqrt{(-13)^2 - 4\times6\times6}}{2\times6}$$

$$= \frac{13 \pm \sqrt{169-144}}{12}$$

$$= \frac{13 \pm \sqrt{25}}{12}$$

$$= \frac{13 \pm 5}{12}$$ (1)

സംഖ്യ $= \frac{3}{2}$ അല്ലെങ്കിൽ $\frac{2}{3}$ (1)

**17. പഠനനേട്ടം**

- രണ്ടാംകൃതി സമവാക്യം രൂപീകരിച്ച് പരിഹാരം കാണുന്നു.

❓ തുക 12 ആയ രണ്ട് സംഖ്യയുടെ വ്യുൽക്രമങ്ങളുടെ തുക $\frac{3}{8}$ ആണ്. സംഖ്യകൾ ഏവ?

(സ്കോർ: 4, സമയം: 5 മിനിട്ട്)

■ **ഉത്തരസൂചിക**

സംഖ്യകൾ $6 + x$, $6 - x$ എന്നെടുത്താൽ (1)

$$\frac{1}{6+x} + \frac{1}{6-x} = \frac{3}{8} \quad (1)$$

$$12 \times 8 = 3\,(36 - x^2)$$

$$96 = 108 - 3x^2 \quad (1)$$

$$3x^2 = 12\ x^2 = 4$$

$x = 2$ അല്ലെങ്കിൽ $-2$

സംഖ്യകൾ $= 6 + 2 = 8, 6 - 2 = 4$(1)

**18. പഠനനേട്ടം**

- രണ്ടാംകൃതി സമവാക്യങ്ങൾ ഉൾപ്പെടുത്തുന്ന ഗണിതപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നു.

**?** പൊതുവ്യത്യാസം 20 ആയ ഒരു സമാന്തരശ്രേണിയുടെ അടുത്തടുത്ത രണ്ട് പദങ്ങളുടെ വ്യുൽക്രമങ്ങളുടെ തുക $\frac{1}{24}$ ശ്രേണിയുടെ ആദ്യപദം എത്ര?

(സ്കോർ: 4, സമയം: 6 മിനിട്ട്)

■ **ഉത്തരസൂചിക**

പദങ്ങൾ $x - 10$, $x + 10$ (1)

$$\frac{1}{x-10} + \frac{1}{x+10} = \frac{1}{24}$$

$$\frac{2x}{x^2\ \ 100} = \frac{1}{24} \quad (1)$$

$$2x \times 24 = x^2 - 100 \quad (1)$$

$$x^2 - 48x = 100$$

$$x^2 - 48x + 24^2 = 100 + 576$$

$$(x - 24)^2 = 676 \quad (1)$$

$$x - 24 = \pm 26$$

$x = 26 + 24 =$ അല്ലെങ്കിൽ $x = -26 + 24$ (1)

ആദ്യപദം $= 40$ അല്ലെങ്കിൽ $-12$

**19. പഠനനേട്ടം**

- രണ്ടാംകൃതി സമവാക്യങ്ങൾ ഉപയോഗിച്ച് പ്രായോഗികപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നു.

**?** ഒരു സംഖ്യയുടെയും അതിന്റെ വ്യുൽക്രമത്തിന്റെയും വ്യത്യാസം ഏത് അധിസംഖ്യയുമാകാമെന്ന് സമർഥിക്കുക.

(സ്കോർ: 3, സമയം: 5 മിനിട്ട്)

■ **ഉത്തരസൂചിക**

$$\text{സംഖ്യ} = x$$

$$\text{വ്യുൽക്രമം} = \frac{1}{x} \qquad (1)$$

$$x - \frac{1}{x} = k \text{ എങ്കിൽ} \qquad (1)$$

$$x^2 - kx - 1 = 0$$

$$x = \frac{+k \pm \sqrt{k^2 + 4}}{2}$$

$k$ ഏത് സംഖ്യ ആയാലും $k^2 + 4$ അധിസംഖ്യയായിരിക്കും. (1)

**20. പഠനനേട്ടം**

- ജ്യാമിതീയപ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ രണ്ടാം കൃതി സമവാക്യം എന്ന ആശയം ഉപയോഗിക്കുന്നു.

രണ്ട് വൃത്തങ്ങൾ ബാഹ്യസ്പർശികളാണ് അവയുടെ കേന്ദ്രങ്ങൾ തമ്മിലുള്ള അകലം 11 സെന്റീമീറ്റർ ആണ്. അവയുടെ പരപ്പളവുകളുടെ തുക $65\pi$ ചതുരശ്രസെന്റീമീറ്റർ ആണ്. ആരങ്ങൾ കാണുക. (സ്കോർ: 4, സമയം: 6 മിനിട്ട്)

■ **ഉത്തരസൂചിക**

ഒന്നാമത്തെ വൃത്തത്തിന്റെ ആരം = $r$ എങ്കിൽ

രണ്ടാമത്തെ വൃത്തത്തിന്റെ ആരം = $11 - r$ (1)




പരപ്പളവുകളുടെ തുക:

$$\pi r^2 + \pi(11 - r)^2 = 65\pi$$

$$= r^2 + 121 - 22r + r^2 = 65$$

$$2r^2 - 22r = -56 \ (1)$$

$$r^2 - 11r = -28 \qquad (1)$$

$$r^2 - 11r + \left(\frac{11}{2}\right)^2 = -28 + \frac{121}{4}$$

$$\left(r - \frac{11}{2}\right)^2 = \frac{9}{4} \qquad (1)$$

$$r - \frac{11}{2} = \frac{3}{2}$$

$$r = \frac{3 + 11}{2} = 7 \text{ സെ.മീ.}$$

ഒന്നാമത്തെ വൃത്തത്തിന്റെ ആരം = 7 സെ.മീ.

രണ്ടാമത്തെ വൃത്തത്തിന്റെ ആരം = 11 − 7= 4 സെ.മീ. (1)

**21. പഠനനേട്ടം**

- രണ്ടാംകൃതി സമവാക്യങ്ങൾ വിവിധ ഗണിതമേഖലകളിൽ പ്രയോഗിക്കുന്നു.

❓ $2n^2 + 5n$ എന്നത് സമാന്തരശ്രേണിയിലെ പദങ്ങളുടെ തുകയെ സൂചിപ്പിക്കുന്ന ബീജഗണിതമാണ്. 1375 ഈ ശ്രേണിയിലെ തുടർച്ചയായ എത്ര പദങ്ങളുടെ തുകയാണ്?

(സ്കോർ: 4, സമയം: 5 മിനിട്ട്)

■ **ഉത്തരസൂചിക**

$$2n^2 + 5n = 1375$$

$$2n^2 + 5n - 1375 = 0 \qquad (1)$$

$$n = \frac{5 \quad \sqrt{5^2 \quad 4 \quad 2 \quad 1375}}{2 \quad 2} \qquad (1)$$

$$= \frac{5 \quad \sqrt{25 \quad 11000}}{4}$$

$$= \frac{5 \quad 105}{4} \qquad (1)$$

$$n = \frac{100}{4} = 25$$

ആദ്യത്തെ തുടർച്ചയായ 25 പദങ്ങളുടെ തുകയാണ് 1375. (1)

**22. പഠനനേട്ടം**

- രണ്ടാംകൃതി സമവാക്യങ്ങളുടെ പരിഹാരങ്ങളുടെ സ്വഭാവ പ്രത്യേകത ഉപയോഗിച്ച് പ്രശ്നങ്ങക്ക് പരിഹാരം കാണുന്നു.

**?** $x^2 + ax + b = 0$ എന്ന രണ്ടാംകൃതി സമവാക്യത്തിന് ഒരു പരിഹാരം മാത്രമേയുള്ളുവെങ്കിൽ $a^2 = 4b$ എന്ന് സമർഥിക്കുക

(സ്കോർ: 3, സമയം: 4 മിനിട്ട്)

■ **ഉത്തരസൂചിക**

$x^2 + ax + b = 0$

ഒരു പരിഹാരം മാത്രമേ ഉള്ളൂ. അതായത്, ഇത് ഒരു പൂർണവർഗമാണ് (1)

$$\therefore \quad \frac{a}{2}^{\ 2} = b \qquad (1)$$

$$\frac{a^2}{4} = b$$

$$a^2 = 4b \qquad (1)$$

**23. പഠനനേട്ടം**

- രണ്ടാംകൃതി സമവാക്യങ്ങൾ വിവിധ ഗണിത മേഖലകളിൽ പ്രയോഗിക്കുന്നു.

**?** തുടർച്ചയായ എണ്ണൽസംഖ്യകൊണ്ട് ഉണ്ടാക്കിയ ഈ സംഖ്യാപാറ്റേണിലെ എത്രാമത്തെ വരിയിലെ അവസാന സംഖ്യയാണ് 210?

(സ്കോർ: 4, സമയം: 5 മിനിട്ട്)

1

2 3

4 5 6

7 8 9 10

..................................

..................................

■ **ഉത്തരസൂചിക**

$$\frac{n(n \quad 1)}{2} = 210 \qquad (1)$$

$$n^2 + n = 420$$

$$n^2 + n + \frac{1}{4} = 420 + \frac{1}{4} \qquad (1)$$

$$n \quad \frac{1}{2} \quad ^2 = \frac{1681}{4} \qquad (1)$$

$$n + \frac{1}{2} = \frac{41}{2}$$

$$n = \frac{41 \quad 1}{2} \quad 20 = 20$$

20-ാം വരിയിലെ അവസാന സംഖ്യയാണ് 210 (1)

**24. പഠനനേട്ടം**

- രണ്ടാംകൃതി സമവാക്യങ്ങൾ രൂപീകരിച്ച് പ്രായോഗികപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നു.

7, 11, 15,... എന്ന സമാന്തരശ്രേണിയിലെ ആദ്യത്തെ തുടർച്ചയായ ഏതാനും പദങ്ങളുടെ തുക 240 ആകുമോ? സമർഥിക്കുക.

(സ്കോർ: 3, സമയം: 5 മിനിട്ട്)

■ **ഉത്തരസൂചിക**

$sn = 2n^2 + 5n = 240$ എന്നെടുത്താൽ

$$sn^2 + 5n - 24 = 0 \qquad (1)$$

$$n = \frac{5 \quad \sqrt{5^2 \quad 4 \quad 2 \qquad 24}}{2 \quad 2}$$

$$= \frac{5 \quad \sqrt{25 \quad 1920}}{4} \qquad (1)$$

$$= \frac{5 \quad \sqrt{1945}}{4} \qquad (1)$$

$\sqrt{1945}$ ഒരു എണ്ണൽസംഖ്യയല്ലാത്തത് കൊണ്ട് '$n$' എണ്ണൽസംഖ്യയായി കിട്ടില്ല. '$n$' എണ്ണൽസംഖ്യയാവണം. അതുകൊണ്ട്, 240 തുകയാവില്ല. (1)

**25. പഠനനേട്ടം**

- ബഹുപദങ്ങളും രണ്ടാംകൃതി സമവാക്യങ്ങളും തമ്മിലുള്ള ബന്ധം.

$2x$-$x^2$ എന്ന ബഹുപദത്തിൽ $x$ ആയി ഏതെങ്കിലും സംഖ്യ എടുത്താൽ 2 കിട്ടുമോ? $\frac{1}{2}$ കിട്ടുമോ?

(സ്കോർ: 5, സമയം: 7 മിനിട്ട്)

■ **ഉത്തരസൂചിക**

$$2x - x^2 = 2 \qquad (1)$$

$$x^2 - 2x = -2$$

$$x^2 - 2x + 1 = -2 + 1$$

$$(x - 1)^2 = -1 \qquad (1)$$

ഒരു സംഖ്യയുടെയും വർഗം ന്യൂനസംഖ്യയാവില്ലല്ലോ.

$x$ ഏതു സംഖ്യയായാലും, $2x - x^2 = 2$ ആകില്ല. (1)

$$2x - x^2 = \frac{1}{2}$$

$$x^2 - 2x = \frac{1}{2}$$

$$x^2 - 2x + 1 = -\frac{1}{2} + 1$$

$$(x - 1)^2 = \frac{1}{2} \quad (1)$$

$\therefore 2x - x = \frac{1}{2}$ ആവും. (1)

**26. പഠനനേട്ടം**

- രണ്ടാംകൃതി സമവാക്യങ്ങൾ രൂപീകരിച്ച് പരിഹാരം കാണുന്ന രീതി വിവിധ ഗണിത മേഖലകളിൽ ഉപയോഗിക്കുന്നു.

ത്രികോണം ABC യിൽ AB = AC യും $\angle A = 36^o$ യും ആകുന്നു. $\angle B$ യുടെ സമഭാജി AC യെ D യിൽ മുട്ടുന്നു. $\frac{BC}{CD} = x$ എന്നെടുത്താൽ $x = 1 + \frac{1}{x}$ എന്ന് സമർഥിക്കുക; $x$ കാണുക.

(സ്കോർ: 5, സമയം: 7 മിനിട്ട്)

**■ ഉത്തരസൂചിക**

ത്രികോണം $ABC$ യുടെയും ത്രികോണം $BCD$ യുടെയും കോണുകൾ തുല്യമാണ്. BC = 1 യൂണിറ്റ്. AC = AB = $x$ എന്ന് എടുത്താൽ.




$$\frac{x\ \ 1}{1} = \frac{1}{x} \quad (1)$$

$$x = 1 + \frac{1}{x} \quad (1)$$

$$x = \frac{x\ \ 1}{x}$$

$$x^2 = x + 1$$

$$x^2 - x - 1 = 0 \quad (1)$$

$x = \frac{1\ \ \sqrt{1\ \ (\ \ 4)}}{2} = \frac{1\ \ \sqrt{5}}{2}$ ന്യൂനസംഖ്യയാവില്ല.

$x = \frac{1\ \ \sqrt{5}}{2}$ (1)

**27. പഠനനേട്ടം**

- രണ്ടാംകൃതി സമവാക്യങ്ങൾ പരിഹരിക്കുന്ന രീതി പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഉപയോഗിക്കുന്നു.

$A$ എന്ന പട്ടണത്തിൽ നിന്നു $B$ എന്ന പട്ടണത്തിലേക്ക് 180 കിലോമീറ്റർ ദൂരമുണ്ട്. ഒരു സൈക്കിൾ യാത്രക്കാരൻ $A$ യിൽ നിന്നും $B$ യിലേക്കുള്ള പകുതി ദൂരം ഒരു നിശ്ചിത വേഗത്തിലും അടുത്ത പകുതി ദൂരം അതിനെക്കാൾ മണിക്കൂറിൽ 15 കിലോമീറ്റർ കൂടിയ വേഗത്തിലുമാണ് സഞ്ചരിച്ചത്. യാത്രക്ക് 5 മണിക്കൂർ സമയമെടുത്തു. എങ്കിൽ ഓരോ പകുതിയിലും യാത്രയുടെ വേഗത കണക്കാക്കുക.

(സ്കോർ: 5, സമയം: 7 മിനിട്ട്)

■ **ഉത്തരസൂചിക**

$$\frac{90}{x} + \frac{90}{x \quad 15} = 5 \qquad (1)$$

$$90x + 1350 + 90x = 5x^2 + 75x$$

$$5x^2 - 105x - 1350 = 0 \qquad (1)$$

$$x^2 - 21x - 270 = 0$$

$$= \frac{21 \quad \sqrt{(\ 21)^2 \quad 4 \quad 1 \quad\quad 270}}{2 \quad 1} \qquad (1)$$

$$= \frac{21 \quad \sqrt{1521}}{2}$$

$$= \frac{21 \quad 39}{2} \text{ ന്യൂനസംഖ്യയാവില്ല.} \qquad (1)$$

$$x = \frac{60}{2} = 30$$

ആദ്യപകുതിയിലെ വേഗത: 30 കി.മീറ്റർ/മണിക്കൂർ

രണ്ടാംപകുതിയിലെ വേഗത: 45 കി.മീറ്റർ/മണിക്കൂർ (1)

**28. പഠനനേട്ടം**

- രണ്ടാം കൃതി സമവാക്യങ്ങൾ പരിഹരിക്കുന്ന രീതി പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഉപയോഗിക്കുന്നു.

ഒരു യാത്രക്കാരൻ അയാളുടെ യാത്രയുടെ പകുതിദൂരം ഒരേ വേഗത്തിലും അടുത്ത പകുതി ദൂരം ആദ്യവേഗത്തെക്കാൾ മണിക്കൂറിൽ 15 കിലോമീറ്റർ കൂടിയ വേഗത്തിലുമാണ് സഞ്ചരിച്ചത്. യാത്രയുടെ ശരാശരി വേഗം മണിക്കൂറിൽ 36 കിലോമീറ്റർ ആയിരുന്നു. ഓരോ പകുതിയിലേയും യാത്രയുടെ വേഗം എന്തായിരുന്നു.

(സ്കോർ: 5, സമയം: 7 മിനിട്ട്)

■ **ഉത്തരസൂചിക**

$$\frac{1}{x} + \frac{1}{x \quad 15} = \frac{2}{36} = \frac{1}{18} \qquad (1)$$

$$(2x + 15) \times 18 = x^2 + 15x$$

$$x^2 + 15x - 36x - 270 = 0 \qquad (1)$$

$$x = \frac{21 \quad \sqrt{441 \quad 4 \quad\quad 270}}{2 \quad 1} \qquad (1)$$

$$= \frac{21 \quad \sqrt{1521}}{2}$$

$$= \frac{21 \quad 39}{2}$$

$$x = \frac{60}{2} = 30 \qquad (1)$$

ആദ്യപകുതിയിലെ വേഗം മണിക്കൂറിൽ 30 കിലോമീറ്റർ

രണ്ടാം പകുതിയിലെ വേഗം മണിക്കൂറിൽ 45 കിലോമീറ്റർ (1)

**29. പഠനനേട്ടം**

- രണ്ടാംകൃതി സമവാക്യങ്ങൾ പരിഹരിക്കുന്ന രീതി പ്രായോഗികപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഉപയോഗിക്കുന്നു.

ഒരു കളിപ്പാട്ടത്തിന്റെ വില 2 രൂപ കുറച്ചിരുന്നുവെങ്കിൽ അയാൾക്ക് 360 രൂപ ഉപയോഗിച്ച് കളിപ്പാട്ടം 2 എണ്ണം കൂടുതൽ വാങ്ങാമായിരുന്നു. കളിപ്പാട്ടത്തിന്റെ വില എന്ത്?

(സ്കോർ: 5, സമയം: 7 മിനിട്ട്)

■ **ഉത്തരസൂചിക**

കളിപ്പാട്ടത്തിന്റെ വില $= x$ എന്നെടുത്താൽ

360 രൂപയ്ക്കുവാങ്ങുന്ന കളിപ്പാട്ടത്തിന്റെ എണ്ണം $= \frac{360}{x}$ (1)

വില 2 രൂപ കുറച്ചാൽ

360 രൂപയ്ക്കുവാങ്ങുന്ന കളിപ്പാട്ടത്തിന്റെ എണ്ണം $= \frac{360}{x\ \ 2}$ (1)

വ്യത്യാസം: $\frac{360}{x\ \ 2} - \frac{360}{x} = 2$

$360x - 360x + 720 = 2x^2 - 4x$

$2x^2 - 4x = 720$

$x^2 - 2x = 360$ (1)

$x^2 - 2x + 1 = 361$

$(x^2 - 1)^2 = 361$

$x - 1 = 19$ (1)

$x = 20$

കളിപ്പാട്ടത്തിന്റെ വില: 20 രൂപ. (1)

30. പഠനനേട്ടം

- രണ്ടാംകൃതി സമവാക്യങ്ങൾ പരിഹരിക്കുന്ന രീതി പ്രായോഗിക സന്ദർഭങ്ങളിൽ ഉപയോഗിക്കുന്നു.

രാജുവിന് ഒരു ജോലി ചെയ്യാനെടുക്കുന്ന ദിവസത്തെക്കാൾ 16 ദിവസം കൂടുതൽ വേണം രവിക്ക് ആ ജോലി പൂർത്തിയാക്കാൻ. രണ്ടുപേരും ഒരുമിച്ച് ആ ജോലി ചെയ്യുകയാണെങ്കിൽ 15 ദിവസം കൊണ്ട് തീരും. രാജുവിന് തനിച്ച് ആ ജോലി തീർക്കാൻ എത്ര ദിവസം വേണം?

(സ്കോർ: 5, സമയം: 7 മിനിട്ട്)

■ **ഉത്തരസൂചിക**

രാജുവിന് ജോലിചെയ്യാൻ വേണ്ട ദിവസം $= x$ (1)

രവിക്ക് ജോലിചെയ്യാൻ വേണ്ട ദിവസം $= x + 16$

$\therefore \frac{1}{x} + \frac{1}{x\ \ 16} = \frac{1}{15}$ (1)

$(2x + 16) \times 15 = x^2 + 16x$

$x^2 + 16 - 30x = 240$ (1)

$x^2 - 14x = 240$

$x^2 - 14x + 49 = 269$ (1)

$(x^2 - 7)^2 = 269$ (1)

$x - 7 = 17$

$x = 17 + 7 = 24$

രാജുവിന് ജോലി തീർക്കാൻ വേണ്ട ദിവസം = 24

31. പഠനനേട്ടം

- രണ്ടാംകൃതി സമവാക്യങ്ങൾ പരിഹരിക്കുന്ന രീതി പ്രായോഗിക സന്ദർഭങ്ങളിൽ ഉപയോഗിക്കുന്നു.

$A,B$ എന്നീ രണ്ട് കാറുകളിൽ ഒരു ലിറ്റർ പെട്രോൾ ഉപയോഗിച്ച് $A$ എന്ന കാർ സഞ്ചരിക്കുന്നതിനെക്കാൾ 5 കിലോമീറ്റർ കൂടുതൽ സഞ്ചരിക്കും $B$ എന്ന കാർ. 400 കിലോമീറ്റർ സഞ്ചരിക്കാൻ $A$ എന്ന കാർ ഉപയോഗിച്ച പെട്രോളിന്റെ അളവിനെക്കാൾ 4 ലിറ്റർ കുറവാണ് $B$ എന്ന കാർ ഉപയോഗിച്ചത്. $A$ എന്ന കാർ ഒരു ലിറ്റർ കൊണ്ട് സഞ്ചരിക്കുന്ന ദൂരം കാണുക.

(സ്കോർ: 5, സമയം: 7 മിനിട്ട്)

■ **ഉത്തരസൂചിക**

ഒരു ലിറ്റർ പെട്രോൾ ഉപയോഗിച്ച് $A$ എന്ന കാർ സഞ്ചരിക്കുന്ന ദൂരം= $x$

$B$ എന്ന കാർ സഞ്ചരിക്കുന്ന ദൂരം= $x+5$

$$\frac{400}{x}-\frac{400}{x+5}=4$$ (1)

$$400x \quad 2000 \quad 400x \quad 4x^2 \quad 20x$$

$$4x^2+20x=2000$$

$$x^2+5x=500$$ (1)

$$x^2+5x+\left(\frac{5}{2}\right)^2=500+\frac{25}{4}$$

$$\left(x+\frac{5}{2}\right)^2=\frac{2025}{4}$$ (1)

$$x+\frac{5}{2}=\frac{45}{2}$$

$$x=\frac{45-5}{2}=20$$ (1)

ഒരു ലിറ്റർ പെട്രോൾ ഉപയോഗിച്ച് $A$ എന്ന

കാർ സഞ്ചരിക്കുന്ന ദൂരം = 20 കിലോമീറ്റർ (1)

32. പഠനനേട്ടം

- രണ്ടാംകൃതി സമവാക്യങ്ങൾ പരിഹരിക്കുന്ന രീതി പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.

ഒരു നിശ്ചിത ചുറ്റളവും പരപ്പളവുമുള്ള ചതുരത്തിന്റെ വശങ്ങളുടെ നീളം കണക്കാക്കുമ്പോൾ ചുറ്റളവ് 50 സെന്റിമീറ്റർ എന്നതിന് പകരം 52 സെന്റിമീറ്റർ എന്നാണെടുത്തത്. അപ്പോൾ ഒരു വശത്തിന്റെ നീളം 18 സെന്റിമീറ്റർ എന്ന് കിട്ടി. എങ്കിൽ യഥാർത്ഥ ചതുരത്തിന്റെ നീളം എത്രയായിരുന്നു.

(സ്കോർ: 5, സമയം: 7 മിനിട്ട്)

(1)

■ **ഉത്തരസൂചിക**

ചുറ്റളവ് = 52

നീളം + വീതി = 26

വശങ്ങൾ: 18, 26 − 18 = 8 (1)

പരപ്പളവ്: 18 × 8 = 144 ചതുരശ്രസെന്റിമീറ്റർ

ചുറ്റളവ് = 50

നീളം + വീതി = 25

നീളം $= x$, വീതി $= 25 - x$ (1)

പരപ്പളവ്: $x(25 - x) = 144$

$x^2 \quad 25x \quad 144 \quad 0$

$x = \frac{25 \pm \sqrt{25^2 - 4 \times 144}}{2 \times 1}$ (1)

$= \frac{25 \pm \sqrt{625 - 576}}{2}$

$= \frac{25 \pm \sqrt{49}}{2}$ (1)

$= \frac{25 \pm 7}{2}$

$x = \frac{25 \pm 7}{2} = 16$ അല്ലെങ്കിൽ $\frac{25 - 7}{2} = \frac{18}{2} = 9$

വശങ്ങൾ: 16 സെന്റിമീറ്റർ, 9 സെന്റിമീറ്റർ

**33. പഠനനേട്ടം**

- ബഹുപദങ്ങളും രണ്ടാംകൃതി സമവാക്യങ്ങളും തമ്മിലുള്ള ബന്ധം.

$x^2 - 2x + 6$ എന്ന ബഹുപദത്തിൽ $x$ ആയി ഏത് സംഖ്യ എടുത്താലും കിട്ടുന്ന സംഖ്യ 5 നെക്കാൾ കുറയില്ല എന്ന് സമർഥിക്കുക. ഏത് സംഖ്യ $x$ ആയി എടുത്താലാണ് 5 തന്നെ കിട്ടുക?

(സ്കോർ: 4, സമയം: 5 മിനിട്ട്)

■ **ഉത്തരസൂചിക**

$p(x) = x^2 - 2x + 6$

$= x^2 - 2x + 1 + 5$

$= (x-1)^2 + 5$ (1)

$(x-1)^2$ വർഗമായതിനാൽ $(x-1)^2$ ആവുന്ന ഏറ്റവും ചെറിയ സംഖ്യ = 0 (1)

$\therefore$ $x^2 - 2x + 6$ എന്ന ബഹുപദത്തിൽ $x$ ആയി ഏത് സംഖ്യ എടുത്താലും കിട്ടുന്ന സംഖ്യ 5 നെക്കാൾ കുറയില്ല. (1)

$x = 1, (x-1)^2 = 0, (x-1)^2 + 5 = 5$ (1)

**34. പഠനനേട്ടം**

- രണ്ടാംകൃതി സമവാക്യങ്ങൾക്ക് പരിഹാരം കാണുന്ന രീതി മറ്റു പ്രായോഗിക പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഉപയോഗിക്കുന്നു.

ഒരു ടാങ്കിൽ വെള്ളം നിറയ്ക്കാൻ ഒരു വലിയ കുഴലും പുറത്തേക്ക് ഒഴുക്കികളയാൻ ഒരു ചെറിയ കുഴലുമുണ്ട്. ചെറിയ കുഴൽ ഉപയോഗിച്ച് പുറത്തേക്ക് ഒഴുക്കികളയാൻ എടുക്കുന്ന സമയത്തെക്കാൾ 1 മിനിറ്റ് സമയം കുറച്ചു മതി വലിയ കുഴൽ ഉപയോഗിച്ച് ടാങ്ക് നിറയ്ക്കാൻ. ഈ രണ്ട് കുഴലും ഒരുമിച്ച് ഉപയോഗിച്ചാൽ 56 മിനിറ്റ് കൊണ്ട് ടാങ്ക് നിറയും. വലിയ കുഴൽ മാത്രം ഉപയോഗിച്ച് ടാങ്ക് നിറയാനെടുക്കുന്ന സമയം കാണുക.

(സ്കോർ: 5, സമയം: 8 മിനിട്ട്)

■ **ഉത്തരസൂചിക**

ചെറിയ കുഴൽ ഉപയോഗിച്ച് വെള്ളം പുറത്തേക്ക് ഒഴുക്കികളയാൻ വേണ്ട സമയം $= x$ എങ്കിൽ

വലിയ കുഴൽ ഉപോഗിച്ച് വെള്ളം നിറക്കാൻ വേണ്ട സമയം $= x-1$ (1)

രണ്ട് കുഴലും ഒരുമിച്ച് ഉപയോഗിച്ചാൽ

$$= \frac{1}{x-1} - \frac{1}{x} = \frac{1}{56}$$ (1)

$$(x-x+1)\times 56 = x^2 - x$$

$$x^2 - x - 56 = 0$$

$$x = \frac{1 \pm \sqrt{1-4\times -56}}{2}$$ (1)

$$= \frac{1 \pm \sqrt{1+224}}{2}$$

$$= \frac{1 \pm 15}{2}$$ ന്യൂനസംഖ്യയാവില്ല

$$x = \frac{1 \pm 15}{2} = 8$$ മിനിട്ട്

വലിയ കുഴൽ മാത്രം ഉപയോഗിച്ച് ടാങ്ക് നിറയാനെടുക്കുന്ന സമയം = 7 മിനിട്ട്.

35. **പഠനനേട്ടം**

- രണ്ടാംകൃതി സമവാക്യങ്ങളുടെ പരിഹാരം കാണുന്ന രീതി പ്രായോഗികപ്രശ്നങ്ങൾ പരിഹരിക്കാൻ ഉപയോഗിക്കുന്നു.

ഒരു രണ്ടാംകൃതി സമവാക്യം പകർത്തി എഴുതിയപ്പോൾ $x$ ഇല്ലാത്ത സംഖ്യ 30 ന് പകരം −30 എന്നെഴുതിപ്പോയി പരിഹാരമായി കിട്ടിയത് 15, −2. ശരിയായ പ്രശ്നത്തിന്റെ പരിഹാരം എന്തൊക്കെയാണ്?

(സ്കോർ: 5, സമയം: 8 മിനിട്ട്)

■ **ഉത്തരസൂചിക**

$ax^2 + bx - 30 = 0$

$x = 15,\quad 225a + 15b - 30 = 0 \qquad 15a + b = 2$ (1) (1)

$x = -2 \quad 4a - 2b - 30 = 0 \qquad 2a - b = 15$ (2) (1)

$(1) + (2) \rightarrow 17a = 17,\quad a = 1$

$$2\times 1-b=15 \quad b=-13$$ (1)

സമവാക്യം = $x^2-13x-30=0$

ശരിയായ സമവാക്യം = $x=\frac{13\pm\sqrt{169-120}}{2}$ (1)

$$x=\frac{13\pm 7}{2}$$

$x=\frac{13+7}{2}=10$ അല്ലെങ്കിൽ $\frac{13-7}{2}=3$ (1)

ശരിയായ പ്രശ്നത്തിന്റെ പരിഹാരം 10 അല്ലെങ്കിൽ 3

# 5

# ത്രികോണമിതി

**1. പഠനനേട്ടം**

ത്രികോണത്തിന്റെ ചില അളവുകളിൽ നിന്ന് മറ്റു ചില അളവുകൾ കണക്കാക്കാൻ ത്രികോണമിതി അളവുകൾ ഉപയോഗിക്കുന്നു.

❓ ഒരു സമചതുരത്തിന്റെ വികർണത്തിന് 4 സെന്റിമീറ്റർ നീളം ഉണ്ട്. അതിന്റെ ചുറ്റളവും, പരപ്പളവും കണക്കാക്കുക.

(സ്കോർ: 3, സമയം: 3 മിനിറ്റ്)

■ **ഉത്തരസൂചിക**

$\Delta ABC$ യുടെ കോണുകൾ $45^o$, $45^o$, $90^o$ ആണ്.

| | | | | |
|---|---|---|---|---|
| $45^0$ | | $45^0$ | | $90^0$ |
| 1 | : | 1 | : | $\sqrt{2}$ |
| ↓ | | ↓ | | ↓ |
| $2\sqrt{2}$ | | $2\sqrt{2}$ | | 4 |




(1)

ഒരുവശം $= 2\sqrt{2}$ സെ.മി

ചുറ്റളവ് $= 4 \times 2\sqrt{2} = 8\sqrt{2}$ സെ.മീ. (1)

പരപ്പളവ് $= 2\sqrt{2} \times 2\sqrt{2}$ ച.സെ.മീ. (1)

**2. പഠനനേട്ടം**

ത്രികോണത്തിന്റെ ചില അളവുകളിൽ നിന്ന് മറ്റു ചില അളവുകൾ കണക്കാക്കാൻ ത്രികോണമിതി അളവുകൾ ഉപയോഗിക്കുന്നു.

❓ AB വ്യാസമായ വൃത്തത്തിലെ തുല്യനീളമുള്ള രണ്ടു ഞാണുകളാണ് AC, BC. ഞാണുകളുടെ നീളം 10 സെന്റിമീറ്റർ ആയാൽ വൃത്തത്തിന്റെ പരപ്പളവ് എത്ര?

(സ്കോർ: 3, സമയം: 3 മിനിറ്റ്)

■ **ഉത്തരസൂചിക**

| | | | | |
|---|---|---|---|---|
| $45^0$ | | $45^0$ | | $90^0$ |
| 1 | : | 1 | : | $\sqrt{2}$ |
| ↓ | | ↓ | | ↓ |
| 10 | | 10 | | $10\sqrt{2}$ |




വ്യാസം AB $= 10\sqrt{2}$ സെ.മി (1)

ആരം $= 5\sqrt{2}$ സെ.മി (1)

പരപ്പളവ് $= \pi r^2 = \pi \times 5\sqrt{2}^{\,2} = 50\pi$ ച സെ.മി (1)

**3. പഠനനേട്ടം**

ത്രികോണത്തിന്റെ ചില അളവുകളിൽ നിന്ന് മറ്റു ചില അളവുകൾ കണക്കാക്കാൻ ത്രികോണമിതി അളവുകൾ ഉപയോഗിക്കുന്നു.

$\Delta ABC$ യിൽ AB = 10 സെന്റിമീറ്റർ. AC = 8 സെന്റിമീറ്റർ, $\angle A = 45^\circ$

(a) C യിൽ നിന്നും AB യിലേക്കുള്ള ലംബദൂരം എത്ര?

(b) ത്രികോണത്തിന്റെ പരപ്പളവ് എത്ര?

(സ്കോർ: 2, സമയം: 3 മിനിറ്റ്)

■ **ഉത്തരസൂചിക**

(a) AB ക്ക് ലംബമായി CD വരയ്ക്കുക

$\Delta ADC$ യിൽ കോണുകൾ $45^\circ, 45^\circ, 90^\circ$




| $45^\circ$ | | $45^\circ$ | | $90^\circ$ |
|---|---|---|---|---|
| 1 | : | 1 | : | $\sqrt{2}$ |
| ↓ | | ↓ | | ↓ |
| $4\sqrt{2}$ | | $4\sqrt{2}$ | | 8 |

CD = AD = $4\sqrt{2}$ സെ.മീ (1)

(b) പരപ്പളവ് = $\frac{1}{2} \times 10 \times 4\sqrt{2}$

= $20\sqrt{2}$ ച സെ.മീ (1)

**4. പഠനനേട്ടം**

ത്രികോണത്തിന്റെ ചില അളവുകളിൽ നിന്ന് മറ്റു ചില അളവുകൾ കണക്കാക്കാൻ ത്രികോണമിതി അളവുകൾ ഉപയോഗിക്കുന്നു.

ഒരു സമഭുജസാമാന്തരികത്തിന്റെ ഒരു വശം 12 സെന്റിമീറ്റർ ഒരു കോൺ $135^\circ$.

(a) സമാന്തരവശങ്ങൾ തമ്മിലുള്ള അകലം എത്ര?

(b) സാമാന്തരികത്തിന്റെ പരപ്പളവ് എത്ര?

(സ്കോർ: 3, സമയം: 3 മിനിറ്റ്)

■ **ഉത്തരസൂചിക**

(a) ABCD സമഭുജസാമാന്തരികളാണ്.

AB = AD = 12 സെ.മീ., $\angle B = 135^\circ$

$\angle A = 180 - 135 = 45^\circ$ (1)

$\Delta ADE$ യുടെ കോണുകൾ $45^\circ, 45^\circ, 90^\circ$




| $45^\circ$ | | $45^\circ$ | | $90^\circ$ |
|---|---|---|---|---|
| 1 | : | 1 | : | $\sqrt{2}$ |
| ↓ | | ↓ | | ↓ |
| $6\sqrt{2}$ | | $6\sqrt{2}$ | | 12 |

DE = $6\sqrt{2}$ സെ.മീ. (1)

(b) സമഭുജസാമാന്തരികത്തിന്റെ പരപ്പളവ് = $12 \times 6\sqrt{2}$

= $72\sqrt{2}$ ച.സെ.മീ. (1)

**5. പഠനനേട്ടം**

ത്രികോണത്തിന്റെ ചില അളവുകളിൽ നിന്ന് മറ്റു ചില അളവുകൾ കണക്കാക്കാൻ ത്രികോണമിതി അളവുകൾ ഉപയോഗിക്കുന്നു.

$\Delta ABC$ യിൽ $\angle A = 45^\circ$, BC = 6 സെന്റിമീറ്റർ ത്രികോണത്തിന്റെ പരിവൃത്ത വ്യാസം എത്ര?




(സ്കോർ: 4, സമയം: 4 മിനിറ്റ്)

■ **ഉത്തരസൂചിക**

(a) വ്യാസം BD വരച്ച് CD യോജിപ്പിക്കുക (1)

BCD യുടെ കോണുകൾ $45^\circ$, $45^\circ$, $90^\circ$

| $45^\circ$ | | $45^\circ$ | | $90^\circ$ | |
|---|---|---|---|---|---|
| 1 | : | 1 | : | $\sqrt{2}$ | |
| ↓ | | ↓ | | ↓ | |
| 6 | | 6 | | $6\sqrt{2}$ | (1) |

BD = $6\sqrt{2}$ സെ.മി (1)

**6. പഠനനേട്ടം**

ത്രികോണത്തിന്റെ ചില അളവുകളിൽ നിന്ന് മറ്റു ചില അളവുകൾ കണക്കാക്കാൻ ത്രികോണമിതി അളവുകൾ ഉപയോഗിക്കുന്നു.

ഒരു ചതുരത്തിന്റെ വികർണത്തിന് 12 സെന്റിമീറ്റർ നീളം ഉണ്ട്. വികർണം ഒരു വശവുമായി ഉണ്ടാക്കുന്ന കോൺ $30^\circ$ ചതുരത്തിന്റെ ചുറ്റളവും പരപ്പളവും കണക്കാ ക്കുക.

(സ്കോർ: 3, സമയം: 4 മിനിറ്റ്)

■ **ഉത്തരസൂചിക**

ABCD ഒരു ചതുരമാണ്.

AC = 12 സെ.മി., $\angle BAC = 30^\circ$

$\Delta ABC$ യുടെ കോണുകൾ $30^\circ$, $60^\circ$, $90^\circ$

| $30^\circ$ | | $60^\circ$ | | $90^\circ$ |
|---|---|---|---|---|
| 1 | : | $\sqrt{3}$ | : | 2 |
| ↓ | | ↓ | | ↓ |
| 6 | | $6\sqrt{3}$ | | 12 |



